വിദ്യാഭ്യാസ വകുപ്പുമന്ത്രി : ശ്രീ. ഇ. റ്റി. മുഹമ്മദ് ബഷീർ :

(എ) സംസ്ഥാനത്ത്, സർവ്വകലാശാല നടത്തുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

കേരള കാർഷിക സർവ്വകലാശാല	..	2
മഹാത്മാഗാന്ധി സർവ്വകലാശാല	..	1
കേരള സർവ്വകലാശാല	..	1
കാലിക്കറ്റ് സർവ്വകലാശാല	..	1

(ബി) വിവിധ ഗവൺമെന്റ് ഏജൻസികൾ നടത്തുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

എഞ്ചിനീയറിംഗ് കോളേജുകൾ

1.	ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്പമെന്റ്	..	9
2.	എൽ. ബി. എസ്. സെന്റർ	..	2
3.	കെ. എസ്. ആർ. റ്റി. സി.	..	1
4.	കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ	..	5
5.	സെന്റർ ഫോർ കണ്ടിന്യൂയിംങ്ങ് എഡ്യൂക്കേഷൻ	..	1

മെഡിക്കൽ കോളേജുകൾ

സഹകരണം	..	2

ഡെന്റൽ കോളേജുകൾ

സഹകരണം	..	1

(സി) 2004-2005 വർഷത്തിൽ, ഗവൺമെന്റ് ഏജൻസികൾ നടത്തുന്ന സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ, ജസ്റ്റീസ് കെ. റ്റി. തോമസ് കമ്മിറ്റി നിശ്ചയിച്ച പ്രകാര മുള്ള ഫീസ് ആയിരിക്കുമെന്ന് ബഹു. സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്.

സർക്കാർ ഏജൻസികളായ എൽ. ബി. എസ്. സെന്റർ, ഐ. എച്ച്. ആർ. ഡി., സെന്റർ ഫോർ കണ്ടിന്യൂയിങ്ങ് എഡ്യൂക്കേഷൻ, കെ. എസ്. ആർ. റ്റി. സി. എന്നിവയുടെ കീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന, ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനം.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം

28 [*145] ശ്രീ. ടി. പി. രാമകൃഷ്ണൻ :

,, ടി. കെ. ദേവകുമാർ :

,, വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം കാർഷിക വായ്പാ മേഖലയ്ക്ക് എന്തുമാത്രം പ്രയോജനപ്പെടുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ബാങ്കിന്റെ നിലവിലുള്ള വായ്പാ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നബാർഡിൽനിന്നും പുനർവായ്പ ലഭ്യമാക്കുന്നതിന് ബാങ്കിന് കഴിയാതെ വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(ഡി) ബാങ്ക് ഇപ്പോൾ പ്രവർത്തിക്കുന്നത് ലാഭത്തിലാണോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം ബാങ്ക് എന്തു തുകയുടെ വായ്പ കുടിശ്ശികകൾ തിരിച്ചടപ്പിക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി : ശ്രീ. എം. വി. രാഘവൻ:

(എ) ഉണ്ട്.

(ബി) കാർഷിക വായ്പ, ഹൗസിംഗ് ലോൺ, സമൃദ്ധി ലോൺ, വഹനവായ്പ, ഓവർ ഡ്രാഫ്റ്റ്സ്, ഗോൾഡ് ലോൺ, എഡ്യൂക്കേഷൻ ലോൺ, വിദേശ വിദ്യാഭ്യാസത്തിനുള്ള വായ്പ, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റിന്മേലുള്ള വായ്പ, മോർട്ട്ഗേജ് ലോൺ എന്നിവയാണ് പ്രധാന വായ്പ പദ്ധതികൾ, കൂടാതെ, വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വിവിധ ആവശ്യങ്ങൾക്കായി വിവിധതരം വായ്പകളും നൽകി വരുന്നുണ്ട്.

(സി) ഉണ്ട്. എൽ.ഡി. എഫ്. ഗവൺമെന്റിന്റെ കാലത്ത് റിസർവ്വ് ബാങ്കിന്റെ നിർദ്ദേശത്തിനു വിരുദ്ധമായി ട്രഷറിയിൽ പണം ഡെപ്പോസിറ്റ് ചെയ്തതിന്റെ ഫലമായും മിനിമം ഇൻവോൾവ്മെന്റ് വ്യവസ്ഥമൂലവും പുനർ വായ്പ ലഭിക്കാൻ തടസ്സമുണ്ടായിട്ടുണ്ട്. ഇപ്പോൾ പുനർവായ്പ നൽകുന്നതിനു നബാർഡ് പണം അനുവദിച്ചുണ്ട്.

(ഡി) ലാഭത്തിലാണ്. 2002-03-ലെ ലാഭം-6.12 കോടി രൂപ, 2003-04-ലെ ലാഭം-5.05 കോടി രൂപ.

(ഇ) 31-12-2004 വരെ 572 അക്കൗണ്ടുകളിലായി 743.42 ലക്ഷം രൂപ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം ഈടാക്കിയിട്ടുണ്ട്.

അപകട സാദ്ധ്യതയുള്ള സ്കൂൾ കെട്ടിടങ്ങൾ

29 [*146] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകട സാദ്ധ്യതയുള്ള ഗവൺമെന്റ് സ്കൂൾ കെട്ടിടങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്താൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ അവയുടെ റിപ്പോർട്ട് ലഭിച്ചോ ;

(സി) എത്ര കെട്ടിടങ്ങൾ അപകടകരമായ നിലയിലാണ് എന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) അവ മാറ്റി പണിയാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly